# വിധിക്കരുതു; എന്നാൽ നിങ്ങളെയും വിധിക്കയില്ല

## ലൂക്കോസ് 6:37-38

"വിധിക്കരുതു; എന്നാൽ നിങ്ങളെയും വിധിക്കയില്ല; ശിക്ഷെക്കു വിധിക്കരുതു; എന്നാൽ നിങ്ങൾക്കും ശിക്ഷാവിധി ഉണ്ടാകയില്ല; വിടുവിൻ; എന്നാൽ നിങ്ങളെയും വിടുവിക്കും. കൊടുപ്പിൻ; എന്നാൽ നിങ്ങൾക്കു കിട്ടും; അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവു നിങ്ങളുടെ മടിയിൽ തരും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും"

നാം ആയിരിക്കുന്ന ഈ ലോകത്തു നന്മ ചെയ്യുവാനുള്ള ഒരു മാർഗം യേശു ഈ വാക്യത്തിൽ കൂടി നമ്മെ പഠിപ്പിക്കുകയാണ്. വിധിക്കരുതു; എന്നാൽ നിങ്ങളെയും വിധിക്കയില്ല. ആരെയും വിധിപ്പാൻ നാം യോഗ്യരല്ല എന്ന് വ്യക്തമായി ഈ വാക്യം നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ ജീവിതത്തിന്റെ കുറവുകളും ബലഹീനതകളും തിരിച്ചറിഞ്ഞു അതിനെ തിരുത്തുവാനുള്ള മനോഭാവമാണ് നമുക്ക് എപ്പോഴും വേണ്ടത്.

മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങൾ കാണുവാനും അതു ചർച്ചചെയ്യുവാനും അവരെ വിധിപ്പാനും ഇന്ന് മനുഷ്യകുലത്തിനു വലിയ രസമാണ്. മറ്റുള്ളവരെ അമിതമായി വിമർശിക്കുന്നതിന്റെ പ്രശ്നം നമ്മെ പഠിപ്പിക്കുന്നതിനു വേണ്ടി യേശു ഉപയോഗിച്ച ഉപമയാണ് ലൂക്കോസിന്റെ സുവിശേഷം 6 ാം അദ്ധ്യായം 41 ാം വാക്യം - എന്നാൽ നീ സഹോദരന്റെ കണ്ണിലെ കരടു നോക്കുകയും സ്വന്തകണ്ണിലെ കോൽ വിചാരിക്കാതിരിക്കയും ചെയ്യുന്നതു എന്തു? കോൽ ഒരു കരടിനേക്കാൾ വളരെ വലുതാണ്. അതിനാൽ കണ്ണിൽ കോലുള്ള വ്യക്തിക്ക് കണ്ണിൽ കരടുള്ള വ്യക്തിയെക്കാൾ വലിയ പ്രശ്നമുണ്ട്. കോല് കരടിനേക്കാൾ കൂടുതൽ നാശമുണ്ടാക്കുന്നു. അതിനാൽ കണ്ണിൽ കോലുള്ള വ്യക്തി, കണ്ണിൽ കരടുള്ള വ്യക്തിയെക്കാൾ മോശമായ അവസ്ഥയിലാണ്. ആ അവസ്ഥയിൽ, മറ്റുള്ളവരുടെ ചെറിയ പിശകുകൾ വിലയിരുത്താൻ അത്തരക്കാർക്ക് അവകാശമില്ല. ഇത്തരത്തിലുള്ള ന്യായവിധി തെറ്റാണെന്നും കപടമാണെന്നും യേശു നമക്ക് പറഞ്ഞുതരുന്നു.

ആരുടെയും വിധികർത്താവായി ദൈവം നമ്മളെ നിയോഗിച്ചിട്ടില്ല, എന്നാൽ നാം അറിഞ്ഞും അറിയാതെയും വളരെ ഉത്സാഹത്തോടെയാണ് മറ്റുള്ളവരെ വിധിക്കുന്നത്. സാഹചര്യമാണ് ഒരു മനുഷ്യനെക്കൊണ്ട് നന്മയും തിന്മയും ചെയ്യിപ്പിക്കുന്നത്, അപ്പോൾ മാനുഷികമായ കണ്ണുകൾ കൊണ്ടും, ബുദ്ധി കൊണ്ടും, അതിനെ നമുക്ക് അളക്കുവാൻ സാധിക്കുമോ? "നിങ്ങൾ അളക്കുന്ന അളവുകൊണ്ടുതന്നെ നിങ്ങൾക്കും അളന്നുകിട്ടും" (ലൂക്കോസ് 6:38). ന്യായമായ വിധി എന്നാൽ ദൈവ വചനത്തെയും ദൈവാത്മാവിനെയും

ആധാരമാക്കി നാം വിധിക്കണം അല്ലാതെ മനുഷ്യ നിർമ്മിത നിയമങ്ങൾ, മാനുഷിക വികാരം, ജനകിയ പ്രവണത എന്നിവയെ ആധാരമാക്കിയല്ല നാം വിധിക്കേണ്ടത്.

മറ്റുള്ളവരെ നിശിതമായി വിമർശിക്കുന്നതിൽ മുൻപന്തിയിലായിരുന്നു യഹൂദമത നേതാക്കന്മാർ. അവർ യേശുവിനെ വിധിക്കുന്നത് നമ്മൾ വായിച്ചിട്ടുണ്ട്. എന്നാൽ യേശു നമ്മളെ വചനത്തിലൂടെ ഉപദേശിക്കുന്നത് മറ്റുള്ളവരിൽനിന്നു നാം പ്രതീക്ഷിക്കുന്നതുപോലെ അവരോടു പെരുമാറുവീൻ. അതുകൊണ്ടു പ്രിയ ദൈവജനമേ നാം നമ്മെ തന്നെ വിധിക്കുക, മറ്റുള്ളവരെ വിധിക്കുവാൻ പ്രമാണമില്ല. ഞാൻ ശരിയാണ് എന്ന നമ്മുടെ മനോഭാവം മാറ്റിവച്ചു പൂർണമായും ദൈവത്തിനു കീഴ്പ്പെട്ടു പരിശുദ്ധമാവിന്റെ നിയന്ത്രണത്തിൽ ജീവിപ്പാൻ നമുക്ക് സാധിക്കട്ടെ. മറ്റുള്ളവരുടെ തെറ്റുകളെ കണ്ടു സന്തോഷിക്കാതെ അതു നമ്മുടെ ഉള്ളിൽ ഒരു ഭാരമായി ഏറ്റെടുത്തു ദൈവസന്നിധിയിൽ സമർപ്പിപ്പാൻ സാധിക്കണം. ബലഹീനരെയും, പരാജയപ്പെട്ടവരെയും എല്ലാം സ്നേഹത്തോടെ ചേർത്ത് പിടിച്ചു ആനോന്യം വിധിക്കാതെ ദൈവനാമ മഹത്വത്തിനായി ഓടുവാൻ സാധിക്കണം.

“മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതു ഒക്കെയും നിങ്ങൾ അവർക്കും ചെയ്വിൻ.” (മത്താ. 7:12) മറ്റുള്ളവർക്കു നന്മ ചെയ്യാനും അവരോടു നന്നായി ഇടപെടാനും നാം മനസ്സിലുറച്ചിരിക്കുന്നെങ്കിൽ, സദാ സഹോദരന്റെ കണ്ണിലെ ‘കരടു നോക്കിയിരിക്കുന്ന’ നിഷ്ഠുരരായ വിമർശകർ ആയിരിക്കില്ല നാം. പകരം, നാം അപൂർണരാണെന്ന വസ്തുത നാം അംഗീകരിക്കും, സഹവിശ്വാസികളെ വിമർശന ബുദ്ധിയോടെ കാണുന്നത് ഒഴിവാക്കുകയും ചെയ്യും. “വിധിക്കരുത്” സോഷ്യൽ മീഡിയയിലായാലും ജീവിതത്തിന്റെ ഏതു മേഖലയിലായാലും. ദൈവീക സമാധാനത്തിൽ ഏവരും അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

മത്തായി 18:33

“ഞാൻ നിന്നോട് കരുണ കാണിച്ചതുപോലെ; നീയും നിന്റെ സേവകനോട് കരുണ കാണിക്കേണ്ടതായിരുന്നില്ലേ?”

ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 007